# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2303** — **15.07.11-ൽ മറുപടിക്ക്**

**കൊല്ലം ബൈപ്പാസിന്റെ നിർമ്മാണത്തിന് ആവശ്യമായ തുക**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കൊല്ലം ബൈപ്പാസിന്റെ നിർമ്മാണത്തിന് കേന്ദ്ര ഗവൺമെന്റ് 153 കോടി രൂപ അനുവദിച്ചതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. കേന്ദ്ര ഉപരിതലഗതാഗത മന്ത്രാലയത്തിന്റെ 27.12.2010-ലെ RW/NH-12037/434/2010-KL(P7) എന്ന കത്ത് പ്രകാരം 153 കോടി രൂപയുടെ In Principle Approval ലഭിച്ചതായി അറിയിച്ചിട്ടുണ്ട്. |
| (ബി) കൊല്ലം ബൈപ്പാസ് നിർമ്മാണത്തിനാവശ്യമായ തുക കേന്ദ്ര റോഡ് ഫണ്ടിൽ ഉൾപ്പെടുത്തിയാണോ സംസ്ഥാന സർക്കാരിനു നൽകുന്നത് ; | (ബി) & (സി) അല്ല. 153 കോടി രൂപയുടെ In Principle Approval ലഭിച്ചിരിക്കുന്നത് Special Project-ൽ പ്ലാൻ വർക്കായാണ്. |
| (സി) ഇപ്രകാരം എത്ര കോടി രൂപ അനുവദിച്ചു ; | |
| (ഡി) റോഡ് നിർമ്മാണത്തിന് അക്വയർ ചെയ്ത സ്ഥലത്തെ മരം മുറിക്കൽ എത്ര കാലം കൊണ്ട് പൂർത്തിയാക്കും; റോഡ് നിർമ്മാണം എന്ന് ആരംഭിക്കും എന്ന് അറിയിക്കുമോ? | (ഡി) മരം മുറിക്കൽ രണ്ടു മാസത്തിനകം പൂർത്തിയാകും. കൊല്ലം ബൈപ്പാസിൽ മൂന്ന് പാലങ്ങൾ ഉൾപ്പെടെ രണ്ടു വരി പാതയുടെ നിർമ്മാണത്തിന് 206 കോടി രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ളതായി 10.05.2011-ലെ കത്തു പ്രകാരം ദേശീയപാത വിഭാഗം ചീഫ് എൻജിനീയർ അറിയിച്ചിട്ടുണ്ട്. ടി എസ്റ്റിമേറ്റിന് അനുമതി ലഭിച്ചാലുടൻ തന്നെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ